©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 മേയ് 03<br>03rd May 2022<br>**1197 മേടം 20**<br>20th Medam 1197<br>**1944 വൈശാഖം 13**<br>13th Vaisakha 1944 | നമ്പർ<br>No. | **1433** |

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

വിജ്ഞാപനം

നമ്പർ: ആർ&എ 2(3) 06/2022/കെപിഎസ് സി      തീയതി: 03.05.2022

തിരുവനന്തപുരം

ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ Profile-ലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ഗസറ്റ് തീയതി : 03.05.2022**

**അവസാന തീയതി : 18.05.2022 ബുധനാഴ്ച അർദ്ധരാത്രി 12 മണിവരെ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അപേക്ഷകൾ സമർപ്പിക്കേണ്ട രീതി :**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now-ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. **01.01.2022 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്തിട്ടുള്ള ഫോട്ടോഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ജനറൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം

## കാറ്റഗറി നമ്പർ : 136/2022

ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാൻഡോ വിഭാഗത്തിലേക്ക് താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **പോലീസ് (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ കമാൻഡോ വിംഗ്)** |
| 2. | **ഉദ്യോഗപ്പേര്** | : | **പോലീസ് കോൺസ്റ്റബിൾ** |
| 3. | **ശമ്പളം** | : | **₹ 31100 – 66800/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **198 + 1 NCA SCCC** |

കുറിപ്പ്: **1.** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 04.04.2022 ലെ G.O(P) No.33/2022/Home പ്രകാരം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് വർഷമായിരിക്കും.

**2.** ഈ തസ്തികയ്ക്കായി 20.04.2010 ന് പ്രസിദ്ധീകരിച്ച മുൻ റാങ്ക് പട്ടികയിൽ നിന്നും (Cat.No.CMD/2009) SCCC വിഭാഗത്തിലുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ നികത്താൻ കഴിയാത്ത ഒരു NCA ടേൺ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്കുപട്ടികയിൽ നിന്നും നികത്തുന്നതായിരിക്കും .

| | | | |
|---|---|---|---|
| 5 | **നിയമനരീതി** | : | **Special Selection Board മുഖേന നേരിട്ടുള്ള നിയമനം** |

കുറിപ്പ്: ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| 6. | **പ്രായപരിധി** | 01.01.2022–ൽ 18 വയസ്സ് തികയേണ്ടതും 22 വയസ്സ് തികഞ്ഞിരിക്കാൻ പാടുള്ളതുമല്ല. പ്രായപരിധിയിൽ ഒരു പ്രത്യേക വിഭാഗത്തിനും ഇളവ് അനുവദിക്കുന്നതല്ല. |

7 **വിദ്യാഭ്യാസ യോഗ്യതകൾ**

എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.
ഒരു പ്രത്യേക വിഭാഗത്തിനും യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുറിപ്പ്: 1. ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് KS & SSR Part II Rule 10(a)(ii) ബാധകമായിരിക്കുന്നതാണ്

2. വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന യോഗ്യതയ്ക്ക് പുറമേ തത്തുല്ല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്ല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്ല്യമായി പരിഗണിക്കുകയുള്ളു.

8. **ശാരീരിക യോഗ്യതകൾ**

ഉദ്യോഗാർത്ഥികൾ ശാരീരികക്ഷമതയുള്ളവരും ചുവടെപ്പറയുന്ന ഏറ്റവും കുറഞ്ഞ ശാരീരിക അളവുകൾ ഉള്ളവരുമായിരിക്കണം

(എ) (i) ഉയരം 167 സെ.മീ

(ii) നെഞ്ചളവ് 81 സെ.മീ ഏറ്റവും കുറഞ്ഞ നെഞ്ച് വികാസം 5 സെ.മീ. ശാരീരിക അളവിന്റെ കാര്യത്തിൽ ഒരു പ്രത്യേക വിഭാഗത്തിനും ഇളവ് അനുവദിക്കുന്നതല്ല.

(ബി) **കാഴ്ചശക്തി:**

കണ്ണടവയ്ക്കാതെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ് (i) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

(ii) വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(സി) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള അവയവങ്ങൾ, നിരപ്പല്ലാത്തതും ഉന്തിയതുമായ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(ഡി) ശാരീരികക്ഷമത, കാഴ്ചശക്തി എന്നിവ സംബന്ധിച്ച് താഴെപ്പറയുന്ന മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ എൻഡ്യൂറൻസ് ടെസ്റ്റ്, ശാരീരിക അളവെടുപ്പ് /കായികക്ഷമതാ പരീക്ഷ സമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതാണ്. ശാരീരികക്ഷമത സംബന്ധിച്ച സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത പദവിയിലുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കാർ സർവ്വീസിലുള്ള മെഡിക്കൽ ആഫീസറും, കാഴ്ചശക്തി സംബന്ധിച്ച സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള നേത്രരോഗ ചികിത്സകനായ *(ഒഫ്ത്താൽമോളജിസ്റ്റ്)* സർക്കാർ സർവ്വീസിലുള്ള മെഡിക്കൽ ആഫീസറും നൽകിയതായിരിക്കണം.

## FORM OF MEDICAL CERTIFICATE I (Physical Fitness)

*(To be obtained from a Medical Officer not below the rank of Assistant Surgeon)*

I have this day, medically examined Shri................................................... ……………………………………………………………(Name & Address) and found that he has no disease or infirmity, which would render him unsuitable for Government Service. His age, according to his own statement is ...............and by appearance is .....................

He is physically fit for the post of Police Constable (India Reserve Battalion-Commando wing) in Police Department.

Place: Signature
Date: Name and Designation of the Medical Officer

*(Office Seal)*

## FORM OF MEDICAL CERTIFICATE II (Eye Sight)

*(To be obtained from a Opthalmologist not below the rank of Assistant Surgeon)*

I have this day, medically examined Shri................................................... ……………………………………………………………(Name & Address) and found that he has no disease or infirmity, which would render him unsuitable for Government Service. His age, according to his own statement is ...............and by appearance is ..................... and his standards of vision are as follows:-

### STANDARD OF VISION

(Eye Sight without glasses)

| | | Right Eye | Left Eye |
|---|---|---|---|
| 1. | Distant Vision | .........Snellen | …..... Snellen |
| 2. | Near Vision | .........Snellen | .........Snellen |
| 3. | Field of Vision | ......... | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

*(Specify whether **full** or **not**. Entry **'normal', 'average' 'good'** etc., will be inappropriate here).*

4. Colour Blindness ….............

5. Squint …..............

6. Any morbid conditions of the eyes or lids of either eyes. ……

Place: Signature
Date: Name and Designation of the Medical Officer
(Ophthalmologist)

*(Office Seal)*

കുറിപ്പ്: കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ', 'ആവറേജ്', 'ഗുഡ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാതെയുള്ള കാഴ്ചശക്തി സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല. ന്യൂനതകൾ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുന്നതാണ്.

**9. എൻഡ്യൂറൻസ് ടെസ്റ്റ് (ക്വാളിഫയിംഗ്)**

ഈ തസ്തികയുടെ തെരഞ്ഞെടുപ്പിനു അപേക്ഷ സമർപ്പിച്ചവർക്കായി ഒരു എൻഡ്യൂറൻസ് ടെസ്റ്റ് (ക്വാളിഫൈയിങ്) നടത്തുന്നതാണ്. 25 മിനിറ്റിനുള്ളിൽ റോഡ് മാർഗ്ഗം 5 കിലോമീറ്റർ ഓടി എത്തണമെന്നുള്ള യോഗ്യതാസ്വഭാവമുള്ള പരീക്ഷയാണിത്. ഉദ്യോഗാർത്ഥികൾക്ക് ഇത് സംബന്ധിച്ച് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. എൻഡ്യൂറൻസ് ടെസ്റ്റിനുള്ള അഡ്മിഷൻ ടിക്കറ്റുകൾ ഉദ്യോഗാർത്ഥികൾക്ക് KPSC യുടെ വെബ്സൈറ്റ് ആയ www.keralapsc.gov.in ലുള്ള വൺ ടൈം പ്രൊഫൈലിൽ നിന്നും Download ചെയ്ത് എടുക്കാവുന്നതാണ്.

**10. എഴുത്തു പരീക്ഷ/ഒ.എം.ആർ പരീക്ഷ :**

എൻഡ്യൂറൻസ് ടെസ്റ്റിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കായി സ്പെഷ്യൽ സെലക്ഷൻ ബോർഡ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ഒരു എഴുത്തു പരീക്ഷ/ഒ.എം.ആർ പരീക്ഷ നടത്തുന്നതായിരിക്കും. പൊതുവിലുള്ള പ്രകടനത്തിനും ബോർഡ് നിശ്ചയിക്കുന്ന കുറഞ്ഞ യോഗ്യതമാർക്കിനും, അനുസൃതമായി എഴുത്തു പരീക്ഷയിൽ ലഭിക്കുന്ന മാർക്ക് തെരഞ്ഞെടുപ്പ് പ്രക്രിയയിൽ റാങ്ക് നിർണ്ണയിക്കുന്നതിന് **25%** വെയിറ്റേജ് ആയി കണക്കാക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**11. കായികക്ഷമതാ പരീക്ഷ**

എഴുത്തുപരീക്ഷ/ഒ.എം.ആർ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ മെയിൻ ലിസ്റ്റും സംവരണ സമുദായക്കാർക്കായി ആവശ്യമായത്ര പേർ ഉൾക്കൊള്ളുന്ന സപ്ലിമെന്ററി ലിസ്റ്റുകളും പ്രസിദ്ധീകരിക്കും. മേൽപടി ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളെ താഴെപറയുന്ന വിധത്തിലുള്ള കായികക്ഷമതാ പരീക്ഷയ്ക്ക് ക്ഷണിക്കുന്നതാണ്. 04.04.2022 തീയതിയിലെ G.O(P)No.33/2022/Home പ്രകാരം കായികക്ഷമതാ പരീക്ഷയിൽ ലഭിക്കുന്ന മാർക്ക് സെലക്ഷൻ പ്രക്രിയയിൽ റാങ്ക നിർണയിക്കുന്നതിന് 75% വെയിറ്റേജ് ആയി കണക്കാക്കുന്നതാണ്.

കുറിപ്പ്- എൻഡ്യൂറൻസ് ടെസ്റ്റ്/കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ എടുക്കുന്നതും നിർദ്ദിഷ്ട യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥികളെ പ്രസ്തുത പരീക്ഷയ്ക്ക് പങ്കെടുപ്പിക്കുന്നതുമല്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളെ ബോർഡ് നിശ്ചയിക്കുന്ന പ്രകാരമുള്ള വൈദ്യപരിശോധന, മനശാസ്ത്ര പരിശോധന, പെരുമാറ്റ-സ്വഭാവ പരിശോധന (Behavioural and attitudinal) എന്നിവയ്ക്ക് വിധേയരാക്കുന്നതും ആയതിൽ അയോഗ്യരെന്ന് കാണുന്ന ഉദ്യോഗാർത്ഥികളെ ഒഴിവാക്കുന്നതുമാണ്.

**ശാരീരികക്ഷമതാ മാനദണ്ഡങ്ങൾ**

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം | രണ്ട് സ്റ്റാർ നിലവാരം | മൂന്ന് സ്റ്റാർ നിലവാരം |
|---|---|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് | 13 സെക്കന്റ് | 12 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ (4'6") | 152.40 സെ.മീ (5') | 160 സെ.മീ (5'3") |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ (15') | 518.20 സെ.മീ (17') | 579.10 സെ.മീ (19') |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ (20') | 731.50 സെ.മീ (24') | 853.40 സെ.മീ (28') |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ (200') | 6558 സെ.മീ (225') | 8382 സെ.മീ (275') |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ (12') | 426.20 സെ.മീ (14') | 487.70 സെ.മീ (16') |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ | 10 തവണ | 15 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് | 5 മിനിറ്റ് 15 സെക്കന്റ് | 5 മിനിറ്റ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വൺ സ്റ്റാർ നിലവാരത്തിലുള്ള പട്ടികയിലെ ഓരോ ഇനത്തിനും 3 മാർക്ക് വീതവും , ടു സ്റ്റാർ നിലവാരത്തിലുള്ള പട്ടികയിലെ ഓരോ ഇനത്തിനും 5 മാർക്ക് വീതവും, ത്രീ സ്റ്റാർ യോഗ്യത പട്ടികയിലെ ഓരോ ഇനത്തിനും 6 മാർക്കും നൽകുന്നതാണ്. ത്രീ സ്റ്റാർ നിലവാരത്തിനേക്കാൾ 10% ഉയർന്ന പ്രകടനം ഏതെങ്കിലും ഒരിനത്തിൽ കാഴ്ച വയ്ക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 1 മാർക്ക് ബോണസ്സായി നൽകുന്നതും എന്നാൽ ആകെ നൽകുന്ന ബോണസ്സ് മാർക്ക് 2 ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. കായികക്ഷമതാ മത്സര പരീക്ഷയിൽ യോഗ്യത നേടണമെങ്കിൽ ഒരു ഉദ്യോഗാർത്ഥിക്ക് കുറഞ്ഞത് 20 മാർക്കും ഏതെങ്കിലും 5 ഇനങ്ങളിൽ വൺ സ്റ്റാർ നിലവാരത്തിലുള്ള മിനിമം യോഗ്യതയും നേടിയിരിക്കേണ്ടതാണ്. കായികക്ഷമതാ മത്സര പരീക്ഷയ്ക്ക് ആകെ ലഭിച്ച മാർക്ക് ബാക്കി വരുന്ന **75%** വെയിറ്റേജിനു കണക്കാക്കുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിന് ബോർഡ് നിശ്ചയിക്കുന്ന ഏറ്റവും കുറഞ്ഞ യോഗ്യതാ മാർക്കിന് വിധേയമായി എഴുത്തു പരീക്ഷ/ഒ.എം.ആർ പരീക്ഷയിലും കായികക്ഷമതാ മത്സര പരീക്ഷയിലും ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

**12. നിയമനത്തിനുളള റിസർവേഷൻ**

സർക്കാർ സർവ്വീസിലുളള നിലവിലുള്ള റിസർവേഷൻ രീതി ഈ നിയമനത്തിനും ബാധകമായിരിക്കും. എന്നാൽ മറ്റ് തെരഞ്ഞെടുപ്പ് മാനദണ്ഡത്തിൽ യാതൊരു ഇളവും അനുവദിക്കുന്നതല്ല

**13. ട്രെയിനിംഗ്**

ഇൻഡ്യ റിസർവ്വ് ബറ്റാലിയന്റെ കമാൻഡോ വിഭാഗത്തിലേക്ക് പോലീസ് കോൺസ്റ്റബിൾ (ട്രെയിനി) ആയി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത സിലബസ്സ് പ്രകാരമുള്ള ട്രെയിനിങ്ങിന് വിധേയരാകേണ്ടതാണ്. ഇൻഡ്യാ റിസർവ്വ് ബറ്റാലിയനിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ട്രെയിനിങ്ങിന്റെ കാലാവധി 9 മാസം വീതമുള്ള രണ്ട് ഘട്ടങ്ങളിലായി 18 മാസമായിരിക്കും, സംസ്ഥാനത്തിന് അകത്തോ പുറത്തോ ഉള്ള ട്രെയിനിങ് സ്ഥാപനങ്ങളിലായിരിക്കും ആദ്യ ഘട്ട അടിസ്ഥാന ട്രെയിനിങ്ങ് നൽകുന്നത്. രണ്ടാം ഘട്ടത്തിൽ ആർമിയുടെയോ NSG യുമായോ മറ്റ് CPMF കളുമായോ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ കമാൻഡോ പരിശീലനമായിരിക്കും. ആദ്യഘട്ട ട്രെയിനിംഗ് ആറ് മാസവും, മൂന്ന് മാസവും ദൈർഘ്യമുളള രണ്ട് പാദങ്ങളായി തിരിച്ചിട്ടുണ്ട്. നിയമനം നേടിയ ഉദ്യോഗാർത്ഥികൾക്ക് ആദ്യ ഘട്ട പരിശീലനത്തിന് ശേഷം പരീക്ഷ നടത്തുന്നതായിരിക്കും. ഇതിൽ പരാജയപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷത്തിനകം തന്നെ രണ്ട് അവസരങ്ങൾ കൂടി നൽകുന്നതായിരിക്കും. ഈ അവസരങ്ങളിലും പരാജയപ്പെടുന്ന ഉദ്യോഗാർത്ഥികളെ പുറംതളളുന്നതാണ്. കമാൻഡോസ് അധികമായി ഒരു പ്രത്യേക ട്രെയിനിംഗ് (Additional Special Training) കൂടി പാസ്സാകേണ്ടതുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികളെ ഇൻഡ്യാ റിസർവ്വ് ബറ്റാലിയനിലേക്ക് പോലീസ് കോൺസ്റ്റബിൾ (കമാൻഡോ) ആയി നിയമിക്കുന്നതായിരിക്കും. പരിശീലന കാലാവധി പ്രൊബേഷനോ ശമ്പള വർദ്ധനവിനോ കണക്കാക്കപ്പെടുകയില്ല.

**14. സ്റ്റൈപ്പൻഡ്**

പരിശീലനക്കാലയളവിൽ പോലീസ് കോൺസ്റ്റബിൾ കമാന്റോ വിംഗ് (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ) തസ്തികയ്ക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളത്തിന് തുല്യമായതോ അല്ലെങ്കിൽ ഗവൺമെന്റ് കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്നതോ ആയ സ്റ്റൈപ്പൻഡിനും അർഹത ഉണ്ടായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**15. പ്രൊബേഷൻ :**

ഈ തസ്തികയ്ക്ക് നിയമിക്കപ്പെടുന്നയാൾ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയതിനുശേഷം തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും.

**16. ബോണ്ട്**

ഈ തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നയാൾ പോലീസ് കോൺസ്റ്റബിൾ ട്രെയിനി ആയി ട്രെയിനിംഗ് പൂർത്തിയാക്കിയശേഷം ഇൻഡ്യ റിസർവ്വ് ബറ്റാലിയനിൽ കുറഞ്ഞപക്ഷം 5 വർഷം സേവിച്ചുകൊള്ളാമെന്നും അല്ലാത്തപക്ഷം 50,000/- (അൻപതിനായിരം) രൂപ അടച്ചുകൊള്ളാമെന്നും വ്യവസ്ഥ ചെയ്യുന്ന ഒരു ബോണ്ട് ഹാജരാക്കേണ്ടതുമാകുന്നു.

**17. സ്പെഷ്യൽ അലവൻസ്**

ഈ തസ്തികയ്ക്ക് നിയമിക്കപ്പെടുന്നവർക്ക് സാധാരണ ശമ്പളത്തിനും അലവൻസുകൾക്കും പുറമേ ഗവൺമെന്റ് കാലാകാലങ്ങളിൽ അനുവദിക്കുന്ന സ്പെഷ്യൽ അലവൻസും സ്പെഷ്യൽ ഡയറ്റ് അലവൻസും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**18. സേവന മേഖല**

നിയമനം നേടിയവർ ഇൻഡ്യയിൽ എവിടെയും അല്ലെങ്കിൽ ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിൽ എവിടെയും അല്ലെങ്കിൽ മറ്റ് സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ സേവനം അനുഷ്ഠിക്കാൻ ബാധ്യസ്ഥരായിരിക്കും.

**19. കമാൻഡോവിംഗിൽ നിന്നും റെഗുലർ വിങ്ങിലേക്കുള്ള സ്ഥലം മാറ്റം**

ട്രെയിനിംഗ് കാലയളവ് മുതൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ (ട്രെയിനിംഗ് കാലയളവിന് ശേഷമുള്ള സർവ്വീസിൽ ശൂന്യവേതന അവധി എടുത്തിട്ടുണ്ടെങ്കിൽ ആയത് ഒഴിച്ച് 10 വർഷം പൂർത്തിയാക്കിയിരിക്കണം) കമാൻഡോവിംഗിലെ കോൺസ്റ്റബിൾമാരെ അവരുടെ താൽപര്യപ്രകാരം റെഗുലർ വിങ്ങിലേയ്ക്കോ ഡിസ്ട്രിക്റ്റ് ആംഡ് റിസർവ്വിലേയ്ക്കോ ഉള്ള മാറ്റത്തിന് പരിഗണിക്കുന്നതായിരിക്കും. ഇത് കൂടാതെ മറ്റ് പോലീസ് ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂഷനിലേക്കോ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട സ്പെഷ്യൽ യൂണിറ്റിലേക്കോ റാങ്കോ ശമ്പളമോ സീനിയോരിറ്റിയോ നഷ്ടപ്പെടാതെ തന്നെ മാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. 40 വയസ്സ് പൂർത്തിയാകുന്നതു വരെ ഒരു കോൺസ്റ്റബിളിന് കമാൻഡോവിങ്ങിൽ തുടരാൻ കഴിയുന്നതും ആയതിന് ശേഷം ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലെ മറ്റ് വിംഗിലേക്ക് മാറ്റപ്പെടാവുന്നതുമാണ്.

**20. ആംഡ് റിസർവ്വിലേക്കുള്ള സ്ഥലം മാറ്റം**

ട്രെയിനിംഗ് കാലയളവ് മുതൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ (ട്രെയിനിംഗ് കാലയളവിന് ശേഷമുള്ള സർവ്വീസിൽ ശൂന്യവേതന അവധി എടുത്തിട്ടുണ്ടെങ്കിൽ ആയത് ഒഴിച്ച് 10 വർഷം പൂർത്തിയായിരിക്കണം) കമാൻഡോവിംഗിലെ കോൺസ്റ്റബിൾമാരെ അവരുടെ താൽപര്യപ്രകാരം ഡിസ്ട്രിക്റ്റ് ആംഡ് റിസർവ്വിലേക്കുള്ള മാറ്റത്തിന് പരിഗണിക്കുന്നതായിരിക്കും. ഇപ്രകാരം ആംഡ് റിസർവ്വിലേക്ക് മാറ്റപ്പെട്ടവരുടെ സീനിയോരിറ്റി സ്പെഷ്യൽ സെലക്ഷൻ ബോർഡിന്റെ അഡ്വൈസ് തീയതി മുതലായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**21 പ്രമോഷൻ**

മൂന്ന് വർഷത്തെ സേവനവും നിശ്ചിത പരീക്ഷയും പാസാകുന്നവർ ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലെ ഹെഡ് കോൺസ്റ്റബിൾ റാങ്കിലേക്ക് പ്രമോട്ട് ചെയ്യപ്പെടാൻ അർഹത യുള്ളവരായിരിക്കും. കമാൻഡോ വിഭാഗത്തിലെ കോൺസ്റ്റബിൾമാരും ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലെ റെഗുലർ വിഭാഗത്തിൽ ഹെഡ് കോൺസ്റ്റബിൾമാരായി പ്രമോഷന് അർഹ തായുള്ളവരായിരിക്കും.

**ഉദ്യോഗാർത്ഥികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രത്യേക തരത്തിലുള്ളതും കഠിനതരവുമായ പരിശീലനങ്ങൾക്ക് തുടർച്ചയായി വിധേയരാകേണ്ടതുണ്ട്. അവർ കഠിനവും അപകടകരവുമായ സാഹചര്യങ്ങളിൽ, ആവശ്യമെങ്കിൽ അവർ തങ്ങളുടെ കർത്തവ്യത്തിന്റെ മാർഗത്തിൽ മറ്റുള്ളവരെ രക്ഷിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി ജീവാർപ്പണം ചെയ്യുവാൻ പോലും സന്നദ്ധരുമായിരിക്കണം.

**22 അപേക്ഷ സമർപ്പിക്കേണ്ട രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. അപേക്ഷിക്കുമ്പോൾ പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. 01.01.2022 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്തിട്ടുള്ള ഫോട്ടോഗ്രാഫ് upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**23** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾസ്വീകരിക്കുന്നതാണ്.

**24** അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **18.05.2022** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ

**25** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എൻഡ്യൂറൻസ്/ എഴുത്ത്/ ഒ.എം.ആർ/ഓൺലൈൻ പരീക്ഷ കായികക്ഷമതാ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**കൺവീനർ**
**സ്പെഷ്യൽ സെലക്ഷൻ ബോർഡ്**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## KERALA PUBLIC SERVICE COMMISSION

## NOTIFICATION

**No. R&A 2(3)06/2022/KPSC** **03th May 2022**
**Thiruvananthapuram**

Application must be submitted on line through official website of the Commission after ONE TIME REGISTRATION. Candidates who have already registered can apply through their profile.

**Gazette Date : 03.05.2022**
**Last Date : 18.05.2022**

**Mode of submitting Application:-**

Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. The Photograph uploaded should be taken after 31.12.2012. Those candidates who create new profile 01.01.2022 onwards should upload their photograph taken with in six months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, Community etc. have to be produced as and when called for.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## GENERAL RECRUITMENT – STATEWIDE

## Category No:136/2022

## Recruitment of Police constables to the Commando Wing(Men Only) of India Reserve Battalion through a Special Selection Board

Applications are invited from qualified candidates for selection to the under mentioned post in India Reserve Battalion Commando Wing. Applications must be submitted online only through the official website of the Kerala Public Service Commission (www.keralapsc.gov.in) after 'ONE TIME REGISTRATION'. Candidates who have already registered can apply through their profile. Candidates who have **AADHAAR card should add AADHAAR card as ID proof in their profile.**

**1. Department** : **Police (India Reserve Battalion Commando Wing)**

**2. Name of post** : **Police Constable**

**3. Scale of Pay** : **Rs. 31100 - 66800**

**4. Number of Vacancies** : **198 + 1 NCA SCCC**

**Note:1.** The above vacancies are now in existence. The Ranked List of candidates published by the Commission in response to this notification shall cease to be in force after two years from the date of publication of Ranked List as per G.O(P)No.33/2022/Home dated 04/04/2022

**Note: 2**. One NCA turn kept unfilled due to the paucity of SCCC community during the currency of Ranked List published on 20.04.2010 (Cat.No. CMD/2009) will also be filled up from the Ranked List published as per this notification.

**5. Method of appointment** : Direct recruitment through the Special Selection Board.

*Note : Differently Abled Candidates and Women Candidates are not eligible to apply for this post*

**6. Age** Must have completed 18 years (Eighteen) of age and must not have completed 22 years (Twenty Two) of age as on 01.01.2022. No relaxation in age will be allowed for any special category

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**7. Educational Qualifications:**

Pass in SSLC or its equivalent.

No relaxation in qualification will be allowed for any special category.

**Note:**

1.Rule 10(a)(ii) Part II of KS&SSR is applicable

2.Candidates who claim equivalent qualification instead of the qualification mentioned in the notification shall produce the relevant government order to prove the equivalency at the time of verification, then only such qualification shall be treated as equivalent to the prescribed qualification concerned.

**8. Physical Qualifications:**

Must be physically fit and should possess the following minimum physical standards as prescribed below

(a)

**(i)** Height - 167 cms

(i) Chest - 81 cms with a minimum expansion of 5 cms.

No relaxation in physical measurement will be allowed for any special category.

(b) **Visual Standards**:

Must be certified to possess the Visual Standards specified below without glasses.

| | Right Eye | Left Eye |
|---|---|---|
| Distant vision | 6/6 Snellen | 6/6 Snellen |
| Near vision | 0.5 Snellen | 0.5 Snellen |

*Note:*

*i) Each eye must have full field of vision*

*ii) Colour Blindness, Squint or any morbid conditions of the eyes or lids of either eye shall be a disqualification.*

(c) *Must be free from apparent physical defects like knock-knee, flat foot, varicose veins, bow legs, deformed limbs, irregular and protruding teeth, defective speech and hearing.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(d) At the time of Endurance Test/Physical Measurement/ Physical Efficiency Test, *the candidates should produce a Medical Certificate (in original) in the forms prescribed, here under certifying to their Physical Fitness and Eyesight. The Medical Certificates (Physical Fitness) should be one obtained from a Medical Officer under the Government not below the rank of an Assistant Surgeon, and that of Eye sight from an Ophthalmologist not below the rank of an Assistant Surgeon under the Government.*

**<u>FORM OF MEDICAL CERTIFICATE I (Physical Fitness)</u>**

*(To be obtained from a Medical Officer not below the rank of Assistant Surgeon)*

I have this day, medically examined Shri.................................................. ……………………………………………………………(Name & Address) and found that he has no disease or infirmity, which would render him unsuitable for Government Service. His age, according to his own statement is ...............and by appearance is .....................

He is physically fit for the post of Police Constable (India Reserve Battalion-Commando wing) in Police Department.

Place: Signature

Date: Name and Designation of the Medical Officer

*(Office Seal)*

**<u>FORM OF MEDICAL CERTIFICATE II (Eye Sight)</u>**

*(To be obtained from a Ophthalmologist not below the rank of an Assistant Surgeon)*

I have this day, medically examined Shri.................................................. ……………………………………………………………(Name & Address) and found that he has no disease or infirmity, which would render him unsuitable for

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Government Service. His age, according to his own statement is ...............and by appearance is ..................... and his standards of vision are as follows:-

**STANDARD OF VISION**
(Eye Sight without glasses)

| | | Right Eye | Left Eye |
|---|---|---|---|
| 1. | Distant Vision | ......... Snellen | ........... Snellen |
| 2. | Near Vision | ......... Snellen | ........... Snellen |
| 3. | Field of Vision | ......... | |

*(Specify whether **full** or **not**. Entry **'normal'** **'average'** **'good'** etc., will be inappropriate here).*

4. Colour Blindness ……………

5. Squint …………..

6. Any morbid conditions of the eyes or lids of either eyes. ……………….

Place: Signature
Date: Name and Designation of the Medical Officer
(Ophthalmologist)

*(Office Seal)*

***Note*:** Standards of vision should be clearly stated in the Certificate, as given above. Vague statements such as "***vision normal' ' vision average' 'vision good'***" etc will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the Certificate will not be accepted. Applications with defective Medical Certificates will be rejected.

**9. Endurance Test (Qualifying Test) :-**

All candidates who have applied will have to undergo an endurance test, which will be of qualifying nature, and shall consist of a Road Run of 5km, to be completed within 25 minutes. Individual memos will not be issued for the test. Candidates can download the admission ticket for the Endurance

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

test from their 'One Time Profile' in KPSC website www.keralapsc.gov.in.

**10. Written Test/OMR Test:-**

Those who qualify in the endurance test has to undergo a Written Test /OMR Test conducted by the Special Selection Board through KPSC. Marks obtained in the written/OMR test will be given weightage of **25%** in the ranking for the selection process as per GO(P)No.33/2022/Home dtd 04.04.2022, subject to such minimum qualifying marks as may be prescribed by the Board depending on overall performance.

**11. Physical Efficiency Test:-**

On the basis of the marks obtained in Written/OMR test a Main list and Supplementary Lists containing sufficient number of candidates eligible for reservation, will be published. All the candidates so enlisted will be called for a Physical Efficiency Test as mentioned hereunder. The Marks obtained for the PET will be given weightage of **75%** in the ranking for selection process as per GO(P)No.33/2022/Home dated 04.04.2022.

Note: Physical Measurements of the candidates will be taken prior to the Endurance Test/Physical Efficiency Test. Those who do not have the prescribed measurement will not be allowed to participate in the Test. Those who qualifying in the Ranked list will be subjected to suitable Medical, Psychological, Behavioral & Attitudinal tests in such manner as may be decided by the Board in which those found unsuitable will be eliminated.

**STANDARD OF PHYSICAL EFFICIENCY**

| Sl. No. | Items | One Star | Two Star | Three Star |
|---|---|---|---|---|
| 1. | 100 Meters run | 14 Seconds | 13 Seconds | 12 Seconds |
| 2. | High Jump | 132.20 Cm (4'6") | 152.40 Cm (5') | 160 Cm (5'3") |
| 3. | Long Jump | 457.20cm (15') | 518.20 cm (17') | 579.10 cm (19') |
| 4. | Putting the shot of 7264 grams | 609.60 cms (20') | 731.50 cms (24') | 853.40 cms (28') |
| 5. | Throwing the Cricket Ball | 6096 cms (200') | 6558 cms (225') | 8382 cms (275') |
| 6. | Rope Climbing (only with hands) | 365.80 cms (12') | 426.20 cms (14') | 487.70 cms (16') |
| 7. | Pull ups or chinning | 8 times | 10 times | 15 times |
| 8. | 1500 meters run | 5 minutes and 44 seconds | 5 minutes and 15 seconds | 5 minutes |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Those who have achieved One Star standard performance for each item will be awarded 3 marks, Two Star standard 5 marks and Three Star Standard 6 marks. Achieving performance levels 10% better than Three Star Standard in any item will be given a bonus of 1 mark subject to the limit, that the maximum bonus mark awarded will be 2 marks. Each candidate should qualify at least 5 items in one star standard and get a minimum of 20 marks to qualify the Physical Efficiency competitive test. Total of the points in the Physical Efficiency Competitive Test will be used for the other **75%** in the weightage. On the basis of the total marks of the Written Test and Physical Efficiency Competitive Test, the final ranked list will be prepared, subject to minimum eligibility as decided by the board.

**12. Reservation of Appointment**

There shall be reservation as applicable to other public services, but without any relaxation in any criteria.

**13. Training**

Those who are selected for pre service training as Trainee Police Constables of Commando Wing, India Reserve Battalion shall undergo training on a prescribed syllabus. The total duration of training of those recruited in India Reserve Battalion will be 18 months, which will be divided into two phases of 9 months each. Phase I will be the basic training at any of the Training of 9 months each. Phase I will be the basic training at any of the Training Institutions within the State or at any place outside the State and Phase II will be the attachment to the Army, NSG and other CPMFs where Special training meant for Commandos will be arranged for them. Phase I training will be again divided into leg-one of 6 months duration and leg two of 3 months duration. After the completion of Phase I of the training, an examination will be conducted for the recruits. Those failing will be liable to be discharged, if they do not clear the test despite two more opportunities given within one year. The commandos will have to pass Additional Special Training as may be prescribed. Those who complete the training successfully will be appointed as Police Constables (Commando) of India Reserve Battalion.

14. **Stipend**:-

Trainee Police Constables in Commando Wing, India Reserve Battalion will be paid a monthly stipend equivalent to that of their basic pay during their period of pre service training or as decided by the Government from time to time.

15. **Probation:-**

Every person appointed to Commando Wing of India Reserve Battalion shall from the date on which he joins duty after successful completion of pre-service training, be on probation for a total period of two years on duty within a continuous period of three years.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

16. **Bond:-**
Those who got selected for appointment as Trainee (Commando Wing), India Reserve Battalion shall execute a bond to the effect that they will serve in the India Reserve Battalion for a period of 5 years after completion of training, failing which they will have to remit an amount of Rs.50,000/- (Rupees Fifty Thousand only).

17. **Special allowances:-**
The personnel in the Commando Wing will be eligible for such Special Allowance and Special Diet Allowances as may be decided by Government from time to time in addition to their normal Pay and Allowances.

18. **Service Area:-**
Those recruited will be liable to serve anywhere in India or under the Government of India or Government of other States, if required.

19. **Transfer from Commando Wing to Regular Wing:-**
Personnel from Commando Wing are allowed to opt for Regular Wing/ District Armed Reserve of their choice on completion of 10 years or satisfactory service in the Commando Wing counted from the date of joining for training but excluding period of leave without allowance. They will also be eligible then, to be transferred to any Police Training Instituition or to any Security related special unit without loss of rank, pay or seniority. Constables can continue in the Commando Wing till they attain 40 years of age after which they may be posted in other wings in the India Reserve Battalion.

20. **Transfer to Armed Reserve:-**
Constables in Commando Wing, India Reserve Battalion will be considered for appointment to the District Armed Reserve of their choice on transfer, after completing 10 years of actual service which will include all eligible leave except leave without allowances. On such Armed Reserve transfer, they will be assigned seniority with effect from the date of effective advice of the Special Selection Board.

21. **Promotion:-**
They will be eligible for promotion to the rank of Head Constable in India Reserve Battalion on completion of 3 years of service and passing the prescribed test. The Constable in the Commando Wing will also be eligible for promotion as Head Constable in the Regular Wing in the India Reserve Battalion.

**Special Attention to the Candidates**

Candidates will be required to continuously undergo special training which will be quite specialized and highly demanding. They will be required to be subject to arduous and dangerous working conditions and will have to knowingly expose themselves to life threatening situations for saving others and for ensuring security.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

22. **Mode of submitting Applications::-**

Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for a post. Those candidates who create new profile 01.01.2022 onwards should upload their photograph taken within six months. Name of the candidate and the date of photograph taken should be printed legibly at the bottom portion. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for.

**23.** Appropriate disciplinary action as per Rules of Procedure Rule 22 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc and submit confirmation for writing examination irrespective of whether they are present or absent for the examination

**24.** **Last date of submission of applications**: **18/05/2022** Wednesday up to 12.00 hrs Midnight.

**25.** If Endurance Test/Written Test/OMR Test/Online Test/PET is conducted as a part of this selection candidate shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the admission tickets within the last fifteen days till the date of test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

**THE CONVENOR**
**SPECIAL SELECTION BOARD**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.05.03 03:13:43 +05:30